**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2363** **16-03-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് നഗരസഭകളിലെ ധനകാര്യ വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിലെ 5 വകുപ്പുകളുടെയും സംസ്ഥാന ഓഫീസുകളുടെയും ജില്ലാ ഓഫീസുകളുടെയും ഏകീകരണമാണ് പ്രാരംഭ ഘട്ടത്തിൽ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് നഗരസഭകളിലെ ധനകാര്യ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർഘട്ടത്തിൽ സ്വീകരിക്കും. |
| (ബി) | കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച നഗരസഭകളിലെ ഫിനാൻസ് ഓഫീസർ, ലീഗൽ ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | പൊതുസർവീസിന്റെ ഭാഗമായി നഗരസഭകളിൽ ഫിനാൻസ് ഓഫീസർ, ലീഗൽ ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ട്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള ജീവനക്കാരുടെ ജോലി വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ എല്ലാമാസവും പെർഫോർമൻസ് ഓഡിറ്റ് വിഭാഗം പരിശോധന നടത്തുകയും ഓഫീസ് സംവിധാനത്തിലുണ്ടാവുന്ന അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ജീവനക്കാരുടെ ജോലി വിലയിരുത്തി ഗുരുതര സ്വഭാവമുള്ള വിഷയങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ, റീജിയണൽ ഓഫീസുകളിൽ റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ